©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2025 ആഗസ്റ്റ് 16<br>16th August 2025<br>1200 കർക്കടകം 31<br>31st Karkadakam 1200<br>1947 ശ്രാവണം 25<br>25th Sravana 1947 | നമ്പർ<br>No. 2979 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അച്ചടി) നമ്പർ 47/2025/തസ്വഭവ.**

*തിരുവനന്തപുരം, 2025, ആഗസ്റ്റ് 15*
*1200, കർക്കിടകം 30*
*1947 ശ്രാവണം 24.*

**എസ്. ആർ. ഒ. നമ്പർ 907/2025**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 178-ാം വകുപ്പും 254-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (xxxvii)-ാം ഖണ്ഡവും കൂട്ടിവായിച്ച പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർക്കാർ, 2005 മാർച്ച് 14-ാം തീയതിയിലെ സ.ഉ. (അ) 73/2005/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2005 മാർച്ച് 14-ാം തീയതിയിലെ 546-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 258/2005 ആയി പ്രസിദ്ധീകരിച്ചതുമായ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2025-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.-2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ, 3-ാം ചട്ടത്തിൽ,-

(i) (1)-ാം ഉപചട്ടത്തിന്റെ അവസാനമുള്ള പൂർണ്ണ വിരാമത്തിന് പകരം അപൂർണ്ണ വിരാമം ചേർക്കേണ്ടതാണ്;

(ii) (1)-ാം ഉപചട്ടത്തിന് കീഴെ താഴെ പറയുന്ന ക്ലിപ്ത നിബന്ധനയും കുറിപ്പും ചേർക്കേണ്ടതാണ്, അതായത്:-

"എന്നാൽ ഭൂരഹിതർക്ക് പട്ടയം നല്കുന്ന ആവശ്യത്തിലേക്കായി പഞ്ചായത്തിന് അതിന്റെ ഏതൊരു വസ്തുവും സർക്കാരിലേക്ക് കയ്യൊഴിയ്ക്കുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമില്ലാത്തതുമാകുന്നു.

കുറിപ്പ്:- ഇപ്രകാരം സർക്കാരിലേക്ക് കയ്യൊഴിക്കപ്പെട്ടതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കി വച്ച ഫണ്ടുപയോഗിച്ച് പഞ്ചായത്ത് ആർജ്ജിച്ചതുമായ വസ്തു പ്രസ്തുത വിഭാഗങ്ങൾക്ക് പട്ടയം നൽകുന്ന ആവശ്യത്തിലേയ്ക്കായി മാത്രമേ വിനിയോഗിക്കുന്നുള്ളു എന്ന് പട്ടയം നൽകാൻ ക്ഷമതയുള്ള അധികാരിയും പഞ്ചായത്തും ഉറപ്പാക്കേണ്ടതാണ്.".

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനുപമ ടി. വി.,

*ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

പഞ്ചായത്തുകൾക്ക് അവർ സ്വന്തമായി ആർജ്ജിച്ച ഭൂമി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ വിൽപ്പന മുഖേനയോ മറ്റു വിധത്തിലോ കയ്യൊഴിക്കുന്നതിന് 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ ഭൂരഹിതർക്ക് പട്ടയം നൽകുന്ന കാര്യത്തിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി സർക്കാർ കരുതുന്നു. ഇത് ഒഴിവാക്കുന്നതിനായി ഭൂരഹിതർക്ക് പട്ടയം നൽകുന്ന ആവശ്യത്തിലേക്കായി ഭൂമി സർക്കാരിലേക്ക് കയ്യൊഴിക്കുന്നതിന് സർക്കാരിന്റെ അനുമതി വേണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.16 07:55:36 +05:30